**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **09-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ റാബിസ് വാക്സിൻ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പി.എച്ച്.സി. കൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും റാബിസ് വാക്സിൻ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 616 ആരോഗ്യ സ്ഥാപനങ്ങളിൽ പേവിഷ ബാധയ്ക്കെതിരെയുള്ള പ്രഥമ ശുശ്രൂഷയും ആന്റി-റാബീസ് വാക്സിനും ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൗകര്യങ്ങൾ വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി 3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | റാബിസ് വാസ്കിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോ; ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പേവിഷബാധയ്ക്ക് പ്രതിരോധ മരുന്നുകളായി ആന്റി റാബീസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബുലിനുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പേവിഷബാധയ്ക്ക് എതിരെയുള്ള രണ്ട് തരം വാക്സിനുകളാണ് സംസ്ഥാനത്ത് ഉപയോഗത്തിലുള്ളത്.<br><br>1. Purified chick embryo cell rabies vaccine<br><br>2. Purified vero.cell Vaccine<br><br>ഈ വാക്സിനുകൾ എല്ലാം തന്നെ സെൻട്രൽ ഡ്രഗ് ലബോറട്ടറി (CDL) യിൽ പരിശോധന കഴിഞ്ഞ് റിലീസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം മാത്രമാണ് സംസ്ഥാനത്ത് രോഗികൾക്ക് നൽകി വരുന്നത്. പേവിഷബാധ മരണങ്ങളെ തുടർന്ന് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും പുനഃപരിശോധനയ്ക്കായി Central Drug laboratory (CDL) യിൽ അയച്ച് ഗുണനിലവാരം വീണ്ടും ഉറപ്പാക്കിയിട്ടുണ്ട്. വാക്സിനും ഇമ്മ്യൂണോ ഗ്ലോബുലിനും ഗുണനിലവാരമുള്ളതാണെന്ന് CDL വീണ്ടും certify ചെയ്തിട്ടുണ്ട്. കേരളത്തിലെ റാബീസ് മൂലമുള്ള മരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ആരോഗ്യ |

| | | | |
|---|---|---|---|
| | | | കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും നിയോഗിക്കപ്പെട്ട കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട് പ്രകാരം CDSCO ശേഖരിച്ച വാക്സിൻ സാമ്പിളുകൾ സ്റ്റാൻഡേർഡ് ക്വാളിറ്റി ഉള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | നായയുടെ കടിയേറ്റവർക്ക് നൽകുന്ന ആന്റിബോഡിയായ ഇമ്മ്യൂണോഗ്ലോബുലിൻ സർക്കാർ ആശുപത്രികൾ വഴി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | തിരഞ്ഞെടുത്ത സർക്കാർ ആശുപത്രികൾ വഴി ഇമ്മ്യൂണോഗ്ലോബുലിൻ വിതരണം ചെയ്യുന്നുണ്ട്. വിവരം **അനുബന്ധത്തിൽ** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ ആശുപത്രികൾ വഴി ഇമ്മ്യൂണോഗ്ലോബുലിൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | തിരഞ്ഞെടുത്ത സർക്കാർ ആശുപത്രികൾ വഴി ഇമ്മ്യൂണോഗ്ലോബുലിൻ വിതരണം ചെയ്യുന്നുണ്ട്. വിവരം **അനുബന്ധത്തിൽ** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

നിലവിൽ സംസ്ഥാനത്ത് പേവിഷ ബാധയ്ക്കെതിരെയുള്ള പ്രഥമ ശുശ്രൂഷയും ആന്റി റാബീസ് വാക്സിനും ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെയും, കാറ്റഗറി 3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിൻ ലഭ്യമാക്കിയിട്ടുള്ള വിവിധ തലങ്ങളിലുള്ള ആശുപത്രികളുടെയും വിശദാംശങ്ങൾ

| Type of Institution | No. with Rabies Vaccine | No. with ERIG (Immunoglobulin) |
|---|---|---|
| ജനറൽ ആശുപത്രികൾ | 16 | 12 |
| ജില്ലാ ആശുപത്രികൾ | 17 | 12 |
| സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ | 4 | 1 |
| താലൂക്ക് ആശുപത്രികൾ | 79 | 12 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ | 210 | 0 |
| പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ | 257 | 0 |
| മെഡിക്കൽ കോളേജുകൾ | 9 | 9 |
| സ്പെഷ്യാലിറ്റി ആശുപത്രികൾ | 4 | 1 |
| നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ | 20 | 0 |
| ആകെ | 616 | 47 |

സെക്ഷൻ ഓഫീസർ